# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.82 | 27/02/2017 ൽ മറുപടിക്ക് |
|---|---|

## ജീവനക്കാരുടെ അഴിമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ശശി | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജീവനക്കാരുടെ അഴിമതികളും സ്വജനപക്ഷപാതവും തടയുവാൻ ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതിയും കൈക്കൂലിയും സ്വജന പക്ഷപാതവും സമ്പൂർണ്ണമായി അവസാനിപ്പിക്കുന്നതിനുവേണ്ടി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ വിവിധ നടപടികൾ സ്വീകരിച്ച വരുന്നു. വിജിലൻസിൽ ലഭിക്കുന്ന എല്ലാ പരാതികളിന്മേലും അന്വേഷണം നടത്തുക, ആക്ഷേപമുള്ള ഓഫീസുകളിൽ മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്. സർക്കാർ ഓഫീസുകളിൽ കണ്ടുവരുന്ന അഴിമതി സംബന്ധമായ വിഷയങ്ങൾ പരിഹരിക്കുന്നതിനായി "കൺകറന്റ് വിജിലൻസ്" (Concurrent Vigilance) എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 24/06/2016-ാം തീയതിയിലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച "Zero tolerance to corruption" എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തിക്കുന്നു. അഴിമതി നിരോധന നിയമങ്ങളെപ്പറ്റിയും അഴിമതി തുടച്ചുനീക്കുന്നതിനു വേണ്ടിയുള്ള പ്രിവന്റീവ് വിജിലൻസ് (Preventive Vigilance) പ്രവർത്തനങ്ങൾക്കു വേണ്ടിയും ഇതര ജന വിഭാഗങ്ങളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്.<br>പാരിസ്ഥിതിക ചൂഷണങ്ങൾക്കെതിരെ "എൺവയോൺമെന്റ് റിസ്ക് വിജിലൻസ്" എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലെ കോഴയ്ക്കെതിരെ "Edu-Vigil" പദ്ധതി നടപ്പിലാക്കി വരുന്നു. സമൂഹത്തെ അഴിമതി വിമുക്തമാക്കുന്നതിനു വേണ്ടി |

| | | | |
|---|---|---|---|
| | | | പ്രാദേശിക വായന ശാലകൾ, ലൈബ്രറികൾ എന്നിവയുടെ ആഭിമുഖ്യത്തിൽ "Vig-Net" എന്ന പദ്ധതി വിജിലൻസ് നടപ്പിലാക്കി വരുന്നു. "Zero tolerance to corruption" എന്ന ആശയത്തിലേയ്ക്ക് കേരള സമൂഹത്തെ കൊണ്ടുവരുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളെ ഉൾപ്പെടുത്തി "NSS Vigil Help Desk" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ അദ്ധ്യയന വർഷം അവസാനിക്കുന്നതിനു മുൻപായി സംസ്ഥാനത്തുടനീളം NSS, NGO വോളണ്ടിയർമാരെ ഉൾപ്പെടുത്തി അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിലെ അഴിമതിയ്ക്കെതിരെ "Trans Vigil" എന്നീ പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>സംസ്ഥാന സിവിൽ സർവ്വീസിലേയും സർക്കാർ ഇതര ഓഫീസുകളിലേയും ഉദ്യോഗസ്ഥർക്കും ബോധവൽക്കരണം നടത്തുന്നുണ്ട്. സെക്രട്ടേറിയറ്റ് ഉൾപ്പെടെ എല്ലാ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും "ഇന്റേണൽ വിജിലൻസ്" വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. അഴിമതിയും ക്രമക്കേടും കുറയ്ക്കാൻ വേണ്ട നടപടികൾ തുടർന്നു വരുന്നു. ഉദ്യോഗസ്ഥരുടെ ഇടയിലുള്ള കാര്യക്ഷമത ഇല്ലായ്മയും ശ്രദ്ധക്കുറവും പരിഹരിക്കാൻ "Anti-Corruption Induction Training" ആരംഭിക്കുന്നുണ്ട്. എല്ലാ വകുപ്പുകളിലേയും അഴിമതിയുടെ പങ്ക് അനുസരിച്ച്/കണക്കനുസരിച്ച് വകുപ്പുകളെ എ, ബി, സി, ഡി ആയി ഗ്രേഡ് ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം ഗ്രേഡിംഗ് മൂന്നുമാസത്തിലൊരിക്കൽ വിജിലൻസ് ആന്റ് കറപ്ഷന്റെ ഭാഗമായി നടത്താൻ ഉദ്ദേശിക്കുന്നു. |
| (ബി) | കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കാലയളവിൽ ഇത്തരം കേസ്സുകളിൽ ഉൾപ്പെട്ടതായി കണ്ടെത്തിയ ഉദ്യോഗസ്ഥരിൽ ഉന്നത ഉദ്യോഗസ്ഥർ എത്ര, മറ്റുള്ളവർ എത്ര, ഇവരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചു; | (ബി) | കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ ഭരണകാലത്ത് 24 ഉന്നത ഉദ്യോഗസ്ഥർക്കെതിരെയും 2794 സർക്കാർ ഉദ്യോഗസ്ഥർ/മറ്റ് പൊതു മേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ കുറ്റം തെളിയിക്കപ്പെടുന്ന കേസുകളിൽ കുറ്റക്കാർക്കെതിരെ കുറ്റപത്രം |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുകയും/വകുപ്പുതല നടപടികൾ സ്വീകരിക്കാൻ ശിപാർശ ചെയ്യുകയും ചെയ്യുന്നു. |
| (സി) | ഈ സർക്കാർ കാലയളവിൽ ഇത്തരം കേസ്സുകളിൽ ഉൾപ്പെട്ടവരും കണ്ടെത്തിയവരുമായ ഉന്നത ഉദ്യോഗസ്ഥർ/ മറ്റ് ഉദ്യോഗസ്ഥർ ആരെല്ലാം, എന്തു നടപടികൾ സ്വീകരിച്ചു; | (സി) | ഈ സർക്കാരിന്റെ കാലയളവിൽ 19 ഉന്നത ഉദ്യോഗസ്ഥർക്കെതിരെയും 563 മറ്റ് ഉദ്യോഗസ്ഥർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തു. ഐ.എ.എസ്, ഐ.പി.എസ്. ഐ.എഫ്.എസ് കേഡറിലുള്ള ഉദ്യോഗസ്ഥരേയും വകുപ്പ് അദ്ധ്യക്ഷരേയും പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരേയും സർവ്വകലാശാല വൈസ് ചാൻസലർമാരേയുമാണ് ഉന്നത ഉദ്യാഗസ്ഥർ എന്ന് പരിഗണിച്ചിട്ടുള്ളത്. അന്വേഷണം നേരിടുന്ന കേസുകളിൽ 6 പേർക്കെതിരെ കുറ്റപത്രം സമർപ്പിക്കുന്നതിനും 3 പേർക്കെതിരെ വകുപ്പുതല നടപടിയ്ക്കും 5 പേർക്കെതിരെ ട്രിബ്യൂണൽ എൻക്വയറി നടത്തുന്നതിനും ഉള്ള നടപടികൾ എടുത്തു വരുന്നു. |
| (ഡി) | നിലവിലുള്ള സംസ്ഥാന ജീവനക്കാരിൽ അഴിമതികളിലൂടെ അവിഹിത സ്വത്തുക്കൾ നേടിയതായി കണ്ടെത്തിയ ജീവനക്കാർ (സംസ്ഥാനത്തിന് അകത്തും പുറത്തും) എത്ര പേർ, ഇവർ അവിഹിതമായ നേടിയ സ്വത്തുക്കൾ കണ്ടുകെട്ടാൻ എന്തു നടപടികൾ സ്വീകരിച്ചു; | (ഡി) യും (ഇ) യും | 1. ശ്രീ.ടോമിൻ.ജെ.തച്ചങ്കരിയുടെ പ്രോപ്പർട്ടി അറ്റാച്ച്മെന്റിനു വേണ്ടി 26/12/14-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എറണാകുളം പോലീസ് സൂപ്രണ്ട് മുഖാന്തിരം ഒരു അപേക്ഷ തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് മുൻപാകെ സമർപ്പിച്ചു.<br>2. ശ്രീ.ടി.ഒ.സൂരജ് ഐ.എ.എസ്-ന്റെ 18 ലാന്റ് പ്രോപ്പർട്ടിയും 5 വാഹനങ്ങളും അറ്റാച്ച് ചെയ്യുന്നതിനുവേണ്ടി 09/03/2015- ൽ എറണാകുളം സ്പെഷ്യൽ സെൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ബഹുമാനപ്പെട്ട എറണാകുളം ജില്ലാ കോടതി മുൻപാകെ (OP Misc.265/2015) അപേക്ഷയും അഫിഡവിറ്റും ഫയൽ ചെയ്തിരുന്നു. 18 ലാന്റ് പ്രോപ്പർട്ടി അറ്റാച്ച് ചെയ്യുന്നതിനായി കോടതി ഇന്ററിം അറ്റാച്ച്മെന്റ് ഉത്തരവ് നൽകുകയും ചെയ്തു. |
| (ഇ) | ഇവരുണ്ടാക്കിയ അവിഹിത സ്വത്തുക്കൾ കണ്ടുകെട്ടാൻ നിലവിലെ നിയമം പര്യാപ്തമാണോ; അല്ലെങ്കിൽ അതിനായി പുതിയ നിയമനിർമ്മാണം ഉടൻ നടത്തി അഴിമതിക്കാരുടെ അഴിമതി സ്വത്തുക്കൾ സർക്കാരിനായി കണ്ടുകെട്ടാൻ വേണ്ടി എന്തു നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ